# 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **09-06-2021 - ൽ മറുപടിയ്ക്ക്**

### കാസർഗോഡ് ജില്ലയിലെ കടലേറ്റം തടയുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കവ്വായി കായലും അറബിക്കടലും അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന കടലേറ്റം തടയുന്നതിനും ദ്വീപിൽ വർഷ കാലത്തുണ്ടാകുന്ന കരയിടിച്ചിൽ നേരിടുന്നതിന് കരകെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) | കാസർഗോഡ് ജില്ലയിൽ വലിയ പറമ്പ ഗ്രാമപഞ്ചായത്തിന്റെ 19 കി.മീ. വരുന്ന കിഴക്ക് ഭാഗത്തെ കവ്വായി കായൽ അതിർത്തി പങ്കിടുന്ന വലിയ പറമ്പ കടപ്പുറം ദ്വീപ് പ്രദേശം വളരെ വീതി കുറഞ്ഞതാണ്. ഇവിടെ കാലാകാലങ്ങളിലായി അതിരൂക്ഷമായ കടലാക്രമണം നേരിട്ട്, ജനങ്ങൾ ഭീതിയിലാണ് കഴിയുന്നത്. എല്ലാ വർഷവും ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തെ നേരിടുവാൻ ഒരു ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കേരളത്തിൽ കടലാക്രമണം കൂടുതൽ രൂക്ഷമായി ബാധിക്കുന്ന 10-ഹോട്ട് സ്പോട്ടുകളായ കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ തീരപ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്കു അനുയോജ്യമായതരത്തിലുള്ള നിർമ്മാണ പ്രവർത്തികൾ ആസൂത്രണം ചെയ്യുന്നതിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ. സി. സി. ആർ) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 'ഡി.പി.ആർ.' തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ